# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10-05.2025**

## പ്രധാനവാർത്തകൾ

1. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ വെടിനിർത്തലിന് ധാരണയിലെത്തിയതായി വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി. തീരുമാനം വൈകുന്നേരം 5 മണിമുതൽ പ്രാബല്യത്തിൽ.

2. ഭീകരതക്കും തീവ്രവാദത്തിനുമെതിരെ ഇന്ത്യ ഉറച്ചതും വിട്ടുവീഴ്ചയില്ലാത്തതുമായ നിലപാട് എക്കാലത്തും നിലനിർത്തിയിട്ടുള്ളതായി വിദേശകാര്യ എസ് ജയ് ശങ്കർ.

3. ഓപ്പറേഷൻ സിന്ദൂരിനെ തുടർന്ന് ജെയ്ഷ്- ഇ മുഹമ്മദ്, ലഷ്കർ- ഇ- തെയ്ബ എന്നിവയുടെ അഞ്ച് ഭീകരർ പാകിസ്ഥാനിൽ കൊല്ലപ്പെട്ടു.

4. . തപാൽ ഓഫീസ് സേവനങ്ങൾ ഗ്രാമീണ ഉപജീവന ദൗത്യങ്ങളായി മാറിയതായി കേന്ദ്രസഹമന്ത്രി ചന്ദ്രശേഖർ പെമ്മസെനി.

5. എസ് എസ് എൽ സി പരീക്ഷയിൽ യോഗ്യത നേടിയ എല്ലാവർക്കും ഉപരിപഠന സാധ്യത ഉറപ്പാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി ; പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ ഈമാസം 14 മുതൽ.

&&&&&&&&&&&&&&&&&&&&&&

<u>വെടിനിർത്തൽ</u>

*<u>പാകിസ്ഥാനുമായി വെടിനിർത്തൽ ധാരണയിലെത്തിയതായി ഇന്ത്യ. ഇന്ന് അഞ്ചു മണി മുതൽ വെടിനിർത്തൽ പ്രാബല്ല്യത്തിൽ</u>*

RNU TVPM

*വന്നതായി വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.*

*(ഹോൾഡ് വോയ്സ്....)*

*ഭീകരതക്കും തീവ്രവാദത്തിനുമെതിരെ ഇന്ത്യ ഉറച്ചതും വിട്ടുവീഴ്ചയില്ലാത്തതുമായ നിലപാട് എക്കാലത്തും നിലനിർത്തിയിട്ടുള്ളതായി വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കർ.*

&&&&&&&&&&&&&&&&&&&&&&

ഡോണൾഡ് ട്രംപ്

അതേസമയം, ഇന്ത്യയും പാകിസ്ഥാനും തമ്മിൽ വെടിനിർത്തലിനു ധാരണയായതായി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് എക്സിൽ കുറിച്ചു. അമേരിക്ക നടത്തിയ ചർച്ചകൾ ഫലപ്രദമായെന്നും ഉടൻതന്നെ സമ്പൂർണ വെടിനിർത്തൽ പ്രാബല്യത്തിൽ വരുമെന്നും അദ്ദേഹം കുറിച്ചു. ഈ വിഷയം പരിഗണിച്ചതിന് ഇരുരാജ്യങ്ങൾക്കും നന്ദി അറിയിക്കുന്നെന്നും ഡോണൾഡ് ട്രംപ് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&&&&

പാകിസ്ഥാൻ ഡ്രോണുകൾ

രാജ്യത്തെ അതിർത്തി മേഖലയിൽ ജാഗ്രത ശക്തമാക്കി ഇന്ത്യ. അതിർത്തി വീണ്ടും സമാധാനത്തിലേക്ക്. ഇനി രാജ്യത്തിനെതിരെയുള്ള എല്ലാ ഭീകര പ്രവർത്തനങ്ങളും ഇന്ത്യയ്ക്കെതിരായ യുദ്ധമായി കണക്കാക്കുമെന്നും ആ നിലയിൽ തന്നെ പ്രതികരിക്കുമെന്നും സർക്കാർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

പ്രധാനമന്ത്രി - പ്രതിരോധം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്, കര-

നാവിക- വ്യോമ സേന തലവന്മാർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ തുടങ്ങിയവർ
പങ്കെടുത്തു. ഡൽഹിയിൽ പ്രധാനമന്ത്രിയുടെ വസതിയിലായിരുന്നു കൂടിക്കാഴ്ച.

&&&&&&&&&&&&&&&&&&&&&&

**<u>ഉത്തരാഖണ്ഡ്</u>**

എയർ ട്രാഫിക് കൺട്രോളിൽ നിന്ന് അനുമതി ലഭിച്ചതിനെത്തുടർന്ന്, ഉത്തരാഖണ്ഡിലെ കേദാർനാഥ് ധാമിലേക്കുള്ള ഹെലി സർവീസ് പുനരാരംഭിച്ചു. ഇതുവരെ 4 ലക്ഷത്തിലധികം ഭക്തർ സന്ദർശനം നടത്തി. ഇത് സംബന്ധിച്ച് തെറ്റായ പ്രചാരണങ്ങൾ വിശ്വസിക്കരുതെന്ന് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി സമൂഹ മാധ്യമത്തിലൂടെ തീർത്ഥാടകരോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&&&&&

**<u>ഫാക്ട് ചെക്</u>**

വിദേശകാര്യമന്ത്രി എസ് ജയശങ്കർ മാപ്പ് അപേക്ഷിക്കുന്ന രീതിയിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന ദൃശ്യങ്ങൾ എഐ നിർമ്മിതമെന്ന് പിഐബി ഫാക്ട് ചെക് വിഭാഗം. പാകിസ്ഥാൻ ഇന്ത്യയുടെ എസ്-400 പ്രതിരോധ സംവിധാനം തകർത്തതായി പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്നും പിഐബി അറിയിച്ചു. ന്യൂഡൽഹി വിമാനത്താവളത്തിൽ നടന്ന മിസൈൽ ആക്രമണത്തിൻറെ ദൃശ്യങ്ങൾ എന്ന നിലയിൽ ഒരു പഴയ വീഡിയോ തെറ്റായി പങ്കിടുന്നതായും ഭട്ടിണ്ട എയർഫീൽഡും നഗ്രോട്ട എയർബെയ്സും പാകിസ്ഥാൻ തകർത്തതായുള്ള വാർത്തകൾ വ്യാജമാണെന്നും പിഐബി പറഞ്ഞു. ഇന്ത്യൻ വ്യോമസേനയുടെ വിമാനം തകർന്നതായി കാണിക്കുന്ന ഒരു വീഡിയോ തെറ്റായി പ്രചരിക്കുന്നുണ്ടെന്നും പി ഐ ബി ഫാക്ട് ചെക്ക് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

**<u>ഭീകരർ കൊല്ലപ്പെട്ടു</u>**

RNU TVPM

ഓപ്പറേഷൻ സിന്ധൂരിനെ തുടർന്ന് ജെയ്ഷ്- ഇ മുഹമ്മദ്, ലഷ്കർ- ഇ- തെയ്ബ എന്നിവയുടെ അഞ്ച് ഭീകരർ പാകിസ്ഥാനിൽ കൊല്ലപ്പെട്ടു. അബു ജുണ്ടാൽ എന്നറിയപ്പെടുന്ന മുദാസർ ഖാദിയൻ ഖാസ്, മൗലാന മസൂദ് അസറിൻറെ അടുത്ത ബന്ധു ഹാഫിസ് മുഹമ്മദ് ജമീൽ , മുഹമ്മദ് യൂസഫ് അസർ, അബു അകാഷ എന്നറിയപ്പെടുന്ന ഖാലിദ്, മുഹമ്മദ് ഹസൻ ഖാൻ എന്നിവരാണ് ഈ മാസം ഏഴിന് നടന്ന ഓപ്പറേഷനിൽ കൊല്ലപ്പെട്ടത്.

&&&&&&&&&&&&&&&&&&&&&&

## ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം

ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ സാധാരണ നിലയിലാണെന്ന് അധികൃതർ അറിയിച്ചു. എന്നിരുന്നാലും, വ്യോമാതിർത്തിയിലെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ മുൻനിർത്തി സുരക്ഷാ നടപടികൾ കൂടുതൽ ശക്തിപ്പെടുത്തിയതായും അതിനാൽ സുരക്ഷാ പരിശോധന കൂടുതൽ സമയം നീണ്ടുനിൽക്കാമെന്നും ഡൽഹി വിമാനത്താവളം സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു. യാത്രക്കാർ നേരത്തെ എത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക സംവിധാനങ്ങളെ മാത്രം ആശ്രയിക്കാനും സ്ഥിരീകരിക്കാത്ത വിവരങ്ങൾ പങ്കിടരുതെന്നും ഡൽഹി വിമാനത്താവള അധികൃതർ യാത്രക്കാരോട് അഭ്യർത്ഥിച്ചു. 60 വിമാനങ്ങളാണ് ഇതുവരെ ഡൽഹിയിൽ നിന്നും റദ്ദാക്കിയതെന്നും അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## അപകട മുന്നറിയിപ്പ്

സാമൂഹിക ബോധവൽക്കരണ പരിപാടി ഒഴികെയുള്ളവയിൽ സിവിൽ ഡിഫൻസ് എയർ റെയ്ഡ് സൈറണുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശം നൽകി. സൈറണുകൾ പതിവായി ഉപയോഗിച്ചാൽ ജനങ്ങൾക്ക് അപകട മുന്നറിയിപ്പ് തിരിച്ചറിയാനാകാതെ വരുമെന്നും ആഭ്യന്തര മന്ത്രലയം വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

&&&&&&&&&&&&&&&&&&&&&&

**പെമ്മസനി**

തപാൽ ഓഫീസുകൾ, പേയ്മെൻറ് ബാങ്കുകൾ, സേവിംഗ്സ് ബാങ്കുകൾ, എന്നിവ ഗ്രാമീണ ഉപജീവന ദൗത്യങ്ങളായി മാറിയതായി കേന്ദ്ര സഹമന്ത്രി ചന്ദ്രശേഖർ പെമ്മസനി. തിരുവനന്തപുരം വർക്കലയിൽ പുതുതായി നിർമ്മിച്ച സബ് പോസ്റ്റ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തപാൽ വകുപ്പിൻറെ സുകന്യ സമൃദ്ധി യോജന, മുതിർന്ന പൗരന്മാരുടെ സേവിംഗ്സ് അക്കൗണ്ട്, മറ്റ് പദ്ധതികൾ എന്നിവയുടെ പാസ്ബുക്ക് കേന്ദ്ര സഹമന്ത്രി കൈമാറി.

RNU TVPM

&&&&&&&&&&&&&&&&&&&&&&

**മൻ കി ബാത് - ക്വിസ്**

മൻകീ ബാത് ക്വിസ് മത്സരം നാലാം സീസണിൽ വിജയികളായ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങ് തിരുവനന്തപുരത്ത് കേന്ദ്ര സഹമന്ത്രി ചന്ദ്രശേഖർ പെമ്മസാനി നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&

**മന്ത്രി കെ എൻ ബാലഗോപാൽ**

നാടിനെ ശക്തിപ്പെടുത്തുന്നതിന് സാങ്കേതിക വിദ്യയിൽ നൈപുണ്യം നേടിയ യുവതയുടെ സേവനം പ്രയോജനപ്പെടുത്താനാകണമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. നിർമിത ബുദ്ധി - സാധ്യതകളും മാറുന്ന തൊഴിൽ സാഹചര്യങ്ങളും വിഷയമാക്കി വിദ്യാർത്ഥികൾക്കായി കൊട്ടാരക്കരയിൽ സംഘടിപ്പിച്ച ഡിസയർ 2025 കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. എ ഐ സാങ്കേതിക വിദ്യയുടെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ആശയക്കുഴപ്പത്തിന് ഇടവരാതെ

കൃത്യമായ മാർഗ്ഗനിർദ്ദേശത്തിന് കോൺക്ലേവ് സഹായകമാകുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. വിദഗ്ധർ വിദ്യാർത്ഥികളുമായി സംവദിക്കുന്ന കോൺക്ലേവിൽ 32 സ്കൂളുകളിൽ നിന്നായി ആയിരത്തോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&&&&

<u>സ്വാതിതിരുന്നാൾ സംഗീതോത്സവം</u>

സ്വാതി തിരുനാൾ ജയന്തിയോടനുബന്ധിച്ച് ആകാശവാണിയുടെ കേരള നിലയങ്ങൾ സംയുക്തമായി സംഘടിപ്പിക്കുന്ന സ്വാതി തിരുനാൾ സംഗീതോത്സവത്തിൻറെ ഭാഗമായുള്ള സംഗീതാർച്ചന 2025 നാളെ രാവിലെ 8.30 മുതൽ തിരുവനന്തപുരം കോട്ടയ്ക്കകം ലെവി ഹാളിൽ നടക്കും. രാവിലെ 9 മണി മുതൽ ആകാശവാണിയുടെ കേരള നിലയങ്ങൾ പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും.

അഖിൽ കെ കുമാറും സംഘവും അവതരിപ്പിക്കുന്ന നാഗസ്വരം, അർജ്ജുൻ ബി കൃഷ്ണ, രമാ രാമയ്യ എന്നിവരുടെ സംഗീത കച്ചേരി , വി സൗന്ദരരാജൻ അവതരിപ്പിക്കുന്ന വീണക്കച്ചേരി, കെ ആർ ശ്യാമയുടെ സ്വാതി ഭജൻ എന്നിവയാണ് സംഗീതാർച്ചനയിലുള്ളത്.

RNU TVPM

&&&&&&&&&&&&&&&&&&&&&&

<u>പാലക്കാട് (ഇൻട്രോ)</u>

മലയോര മേഖലകളെ പ്രധാനപാതകളുമായി ബന്ധിപ്പിക്കുന്ന മലയോര ഹൈവേയുടെ പാലക്കാട് ജില്ലയിലെ നിർമാണ പ്രവർത്തികൾ തുടങ്ങി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

<u>വി ശിവൻകുട്ടി</u>

എസ്എസ്എൽസി പരീക്ഷയിൽ യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠന സാധ്യത ഉറപ്പാക്കുമെന്ന് വിദ്യാഭ്യാസ

മന്ത്രി വി ശിവൻകുട്ടി. ഈ മാസം 14 മുതൽ 20 വരെ പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. ട്രയൽ അലോട്ട്മെൻറ് 24നും ആദ്യ അലോട്ട്മെൻറ് ജൂൺ രണ്ടിനും രണ്ടാം അലോട്ട്മെൻറ് ജൂൺ 10നും മൂന്നാം അലോട്ട്മെൻറ് ജൂൺ 16നും പ്രസിദ്ധപ്പെടുത്തും. പ്ലസ് വൺ ക്ലാസ്സുകൾ ജൂൺ 18 ന് ആരംഭിക്കുമെന്നും മന്ത്രി പത്രക്കുറിപ്പിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

<u>സപ്ലൈകോ സ്കൂൾ മാർക്കറ്റ്</u>

സപ്ലൈകോ സ്കൂൾ മാർക്കറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം മറ്റന്നാൾ രാവിലെ തിരുവനന്തപുരത്ത് മന്ത്രി ജി ആർ അനിൽ നിർവഹിക്കും. ചടങ്ങിൽ ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിക്കും. സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും തെരഞ്ഞെടുത്ത സുപ്പർമാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും കേന്ദ്രീകരിച്ച് സ്കൂൾ മാർക്കറ്റുകൾ ആരംഭിക്കും. വിദ്യാർഥികൾക്ക് ആവശ്യമുള്ള പഠനോപകരണങ്ങൾ 17 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കും.

&&&&&&&&&&&&&&&&&&&&&&

<u>ഇടുക്കി (ഇൻട്രോ)</u>

ചരിത്ര പ്രസിദ്ധമായ മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാപൗർണ്ണമി ഉത്സവം തിങ്കളാഴ്ച്ച നടക്കും. ഭക്തരെ സ്വീകരിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയാക്കിയതായി ജില്ലാ ഭരണകൂടം അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ**

**(ഹോൾഡ് വോയ്സ്........)**

&&&&&&&&&&&&&&&&&&&&&&

<u>കാലാവസ്ഥ</u>

RNU TVPM

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴി ക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്നും നാളെയും തൃശൂർ ജില്ലയിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും; കോട്ടയം, കൊല്ലം, പാലക്കാട് 37ഡിഗ്രി വരെയും പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയെന്നും കാലാവസ്ഥാ മുന്നറിയിപ്പുണ്ട്. അതേസമയം കേരളത്തിൽ കാലവർഷം ഈ മാസം 27 ഓടു കൂടി എത്തിച്ചേരുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

**.വീണാ ജോർജ്**

RNU TVPM

കോവിഡ് മരണങ്ങൾ രാജ്യത്ത് ഏറ്റവും കൃത്യതയോടെ കണക്കാക്കിയ സംസ്ഥാനം കേരളമാണെണ് പുതുതായി പുറത്തുവന്ന വൈറ്റൽ രജിസ്ട്രേഷൻ സർവ്വേ റിപ്പോർട്ട് വ്യക്തമാക്കുന്നതായി മന്ത്രി വീണാ ജോർജ്. കേരളത്തിൻ്റെ പൊതുജനാരോഗ്യ സംവിധാനത്തിലെ സുതാര്യത കൂടിയാണ് ഈ റിപ്പോർട്ട് വ്യക്തമാക്കുന്നതെന്നും മന്ത്രി പ്രതികരിച്ചു.

&&&&&&&&&&&&&&&&&&&&&&

**കുന്നത്തുകര കുടിവെള്ള പദ്ധതി**

കോഴിക്കോട് മണിയൂർ ഗ്രാമപഞ്ചായത്തിൽ 45 ലക്ഷം രൂപ ചെലവിൽ നിർമിച്ച കുന്നത്തുകര ലക്ഷംവീട് കുടിവെള്ള പദ്ധതി നാടിന് സമർപ്പിച്ചു. പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ഒ.ആർ. കേളു നിർവഹിച്ചു. കുന്നത്തുകര ലക്ഷം വീട് ഭാഗത്തും പരിസര പ്രദേശങ്ങളിലും ശുദ്ധജലം ലഭ്യമാക്കുന്നതാണ് പദ്ധതി.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&

RNU TVPM